**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 171** **22-02-2022 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിലെ അണുബാധ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആശുപത്രികളിലെ നോസോകോമിയൽ അണുബാധ കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ആശുപത്രികളിലെ നോസോകോമിയൽ അണുബാധ കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ഇൻഫക്ഷൻ കൺട്രോളുമായി ബന്ധപ്പെട്ട് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകുന്നുണ്ട്. രോഗികളുമായി സമ്പർക്കത്തിൽ വരുന്ന എല്ലാ ഉപകരണങ്ങളും കൃത്യമായ ഇടവേളകളിൽ അണുനശീകരണത്തിന് വിധേയമാക്കുന്നു.ആശുപത്രികളിൽ കിടക്കകൾ തമ്മിൽ കൃത്യമായ അകലം പാലിക്കാറുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഇൻഫക്ഷൻ കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിനായി ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശുപത്രി സൂപ്രണ്ട്, ഇൻഫക്ഷ്യസ് ഡിസീസ് വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, മൈക്രോബയോളജി വിഭാഗം, PEID Cell, ഹൗസ് കീപ്പിംഗ് വിഭാഗം എന്നീ വിഭാഗങ്ങൾ സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. മറ്റ് ക്ലിനിക്കൽ വിഭാഗങ്ങളും പൂർണ്ണമായി സഹകരിക്കുന്നുണ്ട്. ആശുപത്രി sanitary rounds കൃത്യമായി നടത്തുന്നു, പ്രശ്നങ്ങൾ പരിഹരിക്കുന്നു. State PEID Cell ഇതിന്റെ ഏകോപനം നിർവ്വഹിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിനായി Link Nurses എന്നൊരു വിഭാഗം എല്ലാ വാർഡുകളിലും ആഴ്ചതോറും ട്രെയിനിംഗ് പ്രവർത്തനങ്ങളും ബോധവത്ക്കരണ പരിപാടികളും നടത്തിവരുന്നു.Link Nurses ന് വേണ്ട ട്രെയിനിംഗ് കൃത്യമായി നൽകിവരുന്നു.മറ്റു മെഡിക്കൽ കോളേജുകളിൽ ഘട്ടം ഘട്ടമായി ഇത് നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. കൂടാതെ ICU,OT,Labour Room തുടങ്ങിയ സ്ഥലങ്ങളിൽ അണുബാധ സർവ്വയിലൻസ് ന്റെ ഭാഗമായി swab ഓരോ മാസവും എടുക്കുകയും അതിന്റെ റിസൾട്ട് അനുസരിച്ച് വേണ്ട അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. Personal Protective Equipment കൃത്യമായി ഉപയോഗിക്കുന്നുണ്ട്.വേസ്റ്റ് മാനേജ്മെന്റിന്റെ ഹാന്റ്ലിംഗ് & സെഗ്രഗേഷൻ കൃത്യമായി ചെയ്തുവരുന്നുണ്ട്. വേസ്റ്റ് തരംതിരിച്ച് ഇമേജ് കരാർ പ്രകാരം ഡിസ്പോസ് ചെയ്യുന്നു. |
| (ബി) | ആശുപത്രികളിലെ ഉപകരണങ്ങൾ അണുവിമുക്തമാക്കുന്നതിന് നിലവിലുള്ള ഓട്ടോക്ലേവ് റൂം സി.എസ്.എസ്.ഡി ആക്കി മാറ്റുവാൻ ലക്ഷ്യമിട്ടിരുന്നോ; എങ്കിൽ ആ ലക്ഷ്യം എത്രമാത്രം കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനു കീഴിലുള്ള പ്രധാന ആശുപത്രികളിൽ ഓട്ടോക്ലേവ് റൂം സി.എസ്.എസ്.ഡി ആക്കി മാറ്റിയിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രധാന മെഡിക്കൽ കോളേജുകളിൽ ആശുപത്രി ഉപകരണങ്ങൾ അണുവിമുക്തമാക്കുന്നതിനു എല്ലാ സംവിധാനങ്ങളോടും കൂടിയ സി.എസ്.എസ്.ഡി പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ